**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

dtekerala@gmail.com

04712561307


**നടപടിക്രമം**

വിദ്യാഭ്യാസം -സാങ്കേതിക.-സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് - പെരിന്തൽമണ്ണ സർക്കാർ പോളി ടെക്നിക് കോളേജിൽ ഇലക്ട്രിക്കൽ ബ്ലോക്കിലെ ക്ലാസ് റൂം വിഭജിച്ചു ഒരു ഭാഗം ക്ലാസ് റൂമായും, മറു ഭാഗം പ്രോജക്ട് എക്സ്പോ റൂമായും മാറ്റുന്നതിനും, കാഡ് ലാബ് ചെയ്യുന്നതിനുമായി ഭരണാനുമതി അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പർച്ചേസ് (എ) വിഭാഗം

നം: D4/19830/23/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 20.11.2023

---

വായന:- 1.19/05/2023 ലെ പെരിന്തൽമണ്ണ സർക്കാർ പോളിടെക്നിക് കോളേജിലെ പ്രിൻസിപ്പലിന്റെ കത്ത് നം. ബി/1325/23/ജിപിസി-പി ആർ ടി എം എൻ എ

2.10/05/2023 ലെ SIDCO യുടെ എസ്റ്റിമേറ്റ് നം.SSECLT/2022-23/11.

3.പെരിന്തൽമണ്ണ സർക്കാർ പോളിടെക്നിക് കോളേജിലെ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗം ലക്ചറർ ശ്രീ ദാനീഷ് മോൻ തയ്യാറാക്കിയ എസ്റ്റിമേറ്റ്

4.09/10/2023 ലെ പൂൾഡ് പി ഡി കമ്മിറ്റി മിനിറ്റ്സ്.

**ഉത്തരവ്**

പെരിന്തൽമണ്ണ സർക്കാർ പോളിടെക്നിക് കോളേജിൽ ഇലക്ട്രിക്കൽ ബ്ലോക്കിലെ ക്ലാസ് റൂം വിഭജിച്ചു ഒരു ഭാഗം ക്ലാസ് റൂമായും, മറു ഭാഗം പ്രോജക്ട് എക്സ്പോ റൂമായും മാറ്റുന്നതിനായി 2,50,259/- രൂപയും , കാഡ് ലാബ് ചെയ്യുന്നതിനായി 7,44,580/- രൂപയും ഉൾപ്പടെ ആകെ **9,94,839/-(ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി എണ്ണൂറ്റി മുപ്പത്തൊൻപത് രൂപ)** രൂപയുടെ പ്രൊപ്പോസൽ പൂൾഡ് പി ഡി അക്കൌണ്ടിൽ നിന്നും ഭരണാനുമതി അനുവദിക്കുന്നതിനായി വായന(1) പ്രകാരം സ്ഥാപനമേധാവി സമർപ്പിച്ചിരിക്കുന്നു.

വായന (2) പ്രകാരം കാഡ് ലാബ് ചെയ്യുന്നതിനായി SIDCO തയ്യാറാക്കിയ 7,44,580/-, രൂപയുടെ എസ്റ്റിമേറ്റും വായന (3) പ്രകാരം ഇലക്ട്രിക്കൽ ബ്ലോക്കിലെ ക്ലാസ് റൂം വിഭജിച്ചു ഒരു ഭാഗം ക്ലാസ് റൂമായും, മറു ഭാഗം പ്രോജക്ട് എക്സ്പോ റൂമായും മാറ്റുന്നതിനായി .പെരിന്തൽമണ്ണ സർക്കാർ പോളിടെക്നിക് കോളേജിലെ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗം ലക്ചറർ ശ്രീ ദാനീഷ് മോൻ തയ്യാറാക്കിയ 2,50,259/- രൂപയുടെ എസ്റ്റിമേറ്റും ഉൾപ്പടെ ആകെ **9,94,839/-** രൂപയുടെ എസ്റ്റിമേറ്റ് പ്രൊപ്പോസലിനോടൊപ്പം സമർപ്പിച്ചിട്ടുണ്ട്.

വായന (4) പ്രകാരം പ്രസ്തുത പ്രൊപോസൽ ഈ കാര്യാലയത്തിൽ 09/10/2023 നു ചേർന്ന പൂൾഡ് പി ഡി കമ്മിറ്റിയിൽ പരിഗണിക്കുകയും പൂൾഡ് പി ഡി ശീർഷകത്തിൽ നിന്നും സ്ഥാപനത്തിൽ ഇലക്ട്രിക്കൽ ബ്ലോക്കിലെ ക്ലാസ് റൂം വിഭജിച്ചു ഒരു ഭാഗം ക്ലാസ് റൂമായും, മറു ഭാഗം പ്രോജക്ട് എക്സ്പോ റൂമായും കാഡ് ലാബ് ചെയ്യുന്നതിനുമുള്ള ഭരണാനുമതി അനുവദിക്കുന്നതിനായി കമ്മിറ്റി തീരുമാനിച്ചു.

മേൽ സാഹചര്യത്തിൽ പെരിന്തൽമണ്ണ സർക്കാർ പോളിടെക്നിക് കോളേജിൽ ഇലക്ട്രിക്കൽ ബ്ലോക്കിലെ ക്ലാസ് റൂം വിഭജിച്ചു ഒരു ഭാഗം ക്ലാസ് റൂമായും, മറു ഭാഗം പ്രോജക്ട് എക്സ്പോ റൂമായും മാറ്റുന്നതിനായി 2,50,259/- രൂപയും , കാഡ് ലാബ് ചെയ്യുന്നതിനായി 7,44,580/- രൂപയും ഉൾപ്പടെ ആകെ **9,94,839/-(ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി എണ്ണൂറ്റി മുപ്പത്തൊൻപത് രൂപ)** രൂപയുടെ രൂപയുടെ ഭരണാനുമതിയും, SIDCO എന്ന സ്ഥാപനം മുഖേന മേൽ പ്രവർത്തി ചെയ്യുന്നതിനുള്ള ക്രയാനുമതിയും അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത പ്രവർത്തി നിലവിലെ സർക്കാർ ചട്ടങ്ങൾ പാലിച്ചു ചെയ്യേണ്ടതാകുന്നു.

പ്രസ്തുത ചിലവിന് ആവശ്യയമായ തുക **"പൂൾഡ് പിഡി ഫണ്ട് അക്കൌണ്ട് നം:67216073466"** ഇൽ നിന്നും വകയിരുത്തേണ്ടതാണ്.

Draft #1 of File D4/19830/23/DTE Approved by Director (in-charge) on 20-Nov-2023 11:00 PM - Page 1

**നിബന്ധനകൾ**

- ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം സമയബന്ധിതമായി നിർമാണം പൂർത്തിയാക്കേണ്ടതാണ്.
- ഫീൽഡ് സ്ഥാപനവും നിർവാഹകണ ഏജൻസിയും സംയുകതമായി മൂന്നു മാസത്തിൽ ഒരിക്കൽ, പ്രസ്തുത പ്രവർത്തി പൂർത്തിയാക്കുന്നത് വരെ അവലോകനം നടത്തേണ്ടതാണ്.
- പ്രവർത്തി പൂർത്തിയാക്കിയതിന് ശേഷം, ധന വിനിയോഗ സർട്ടിഫിക്കറ്റ്, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ഒപ്പ്/-

ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

1. പ്രിൻസിപ്പാൾ, സർക്കാർ പോളിടെക്നിക് കോളേജ്, പെരുന്തൽമണ്ണ.
2. മാനേജർ, SIDCO
3. അക്കൌണ്ടൻറ് ജനറൽ (A&E), കേരള , തിരുവനന്തപുരം
4.സൂപ്രണ്ട്, ഫിൻ (A) സെക്ഷൻ
5.ഓഫീസ് പകർപ്പ്.

**Approval Valid**

Digitally Approved By
ഡോ. രാജശ്രീ എം.എസ്
Date: 20.11.2023
Reason: Approved

The document is digitally approved. Hence signature is not needed.

Draft #1 of File D4/19830/23/DTE Approved by Director (in-charge) on 20-Nov-2023 11:00 PM - Page 2